പതിമൂന്നാം കേരള നിയമ സഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 631 — 8.3.2012 ൽ മറുപടിക്ക്

ജീവൻരക്ഷാ മരുന്നുകൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ജീവൻരക്ഷാ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 620 ഇനം അവശ്യമരുന്നുകൾ (essential drugs) വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിൽ പേയിങ് കൗണ്ടറുകൾ എന്നിവ മരുന്നുകളുടെ ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള Maximum Retail Price – ൽ നിന്ന് നിശ്ചിത ശതമാനം കുറച്ച് വളരെ തുച്ഛമായ ലാഭത്തിൽ ആണ് മരുന്ന് വില്പന നടത്തുന്നത്. |
| (ബി) ഇത് സംബന്ധിച്ച് മരുന്ന് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. മരുന്ന് കമ്പനികളുമായി ചർച്ച നടത്തുകയും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് കമ്പനികൾ സഹകരണം ഉറപ്പ് നൽകിയിട്ടുമുണ്ട്. |
| (സി) യാതൊരു മുന്നറിയിപ്പുമില്ലാതെ ജീവൻരക്ഷാ മരുന്നുകളുടെ വില കുത്തനെ വർദ്ധിപ്പിച്ച കമ്പനികളുടെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ അത്തരം മരുന്ന് കമ്പനികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാനും വിലകുറയ്ക്കുവാനും നടപടികൾ സ്വീകരിക്കുമോ? | (സി)&(ഡി) രാജ്യത്ത് ഔഷധങ്ങളുടെവില നിശ്ചിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമ സ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആ ണ്. രാജ്യത്ത് 74 ഇനം മരുന്നുകളുടേയും അവയുടെ കോമ്പിനേഷന കളുടേയും വിലകൾ മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളത്. വില നിയന്ത്രണ ത്തിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വില യാണ് കമ്പനികൾ വർദ്ധിപ്പിച്ചിട്ടുള്ളത്. NPPA നിശ്ചയിച്ചുറപ്പിച്ച വിലയേക്കാൾ കൂടുതൽ ഈടാക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിവരം NPPA യെ അറിയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ